പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ!

അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം ക്രിസ്തീയകൂട്ടായ്മകൾക്ക് എപ്പോഴും ആത്മിക നവീകരണത്തിന്റെ അനുഭവം പകരുന്നതാണ്. പ്രവാസികളായ നമുക്ക് മലങ്കര കത്തോലിക്കാ സഭയിലെ പിതാക്കന്മാരുടെ സന്ദർശനം അസാധാരണമായ അനുഭവം തന്നെയാണ്. മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷനായ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ ഒരാഴ്ചത്തെ സാന്നിദ്ധ്യവും പ്രഭാഷണങ്ങളും ശുശ്രൂഷകളും ആത്മികമാരിയുടെ അവസരമായിരുന്നു എന്നത് നിസ്തർക്കമായ വസ്തുതയാണ്. പിതാവിന്റെ അനുഗ്രഹദായകമായ സന്ദർശനത്തിന് നന്ദി അർപ്പിക്കാം. അതോടൊപ്പം മാർത്താണ്ഡം ഭദ്രാസനത്തെയും ഭദ്രാസനാദ്ധ്യക്ഷനായ പിതാവിനെയും ദൈവജനത്തെയും പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥതയ്ക്കായി സമർപ്പിക്കുകയും തുടർന്നും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. സുവിശേഷവേലയിൽ തുടർന്നും ഭദ്രാസനത്തിന് നൂറുമേനി ഫലം ലഭ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

പിതാവിന്റെ സന്ദർശനം അനുഗ്രപ്രദമാകുന്നതിന് യത്നിച്ച മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, അഡ്വൈസറി ബോർഡ് അംഗങ്ങൾ, പ്രെയർ കോ-ഓർഡിനേറ്റേഴ്സ്, ഫ്രണ്ട്സ് ഓഫ് മേരി അംഗങ്ങൾ, ലിറ്റർജി സ്കൂൾ റ്റീച്ചേഴ്സ്, യുവജ്യോതി അംഗങ്ങൾ, ബാലദീപം അംഗങ്ങൾ എന്നിവരോടെല്ലാമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുകയാണ്. കുവൈറ്റിലെ മലങ്കര കൂട്ടായ്മയിലെ എല്ലാ വിശ്വാസികളോടുമുള്ള ഹൃദയപൂർവമായ കൃതജ്ഞത അറിയിക്കുകയാണ്.

നമ്മുടെ കൂടിവരവുകളിലൂടെ വിശ്വാസത്തിലും സ്നേഹത്തിലും പ്രതീക്ഷയിലും നമുക്കു കൂടുതൽ അഭിവൃദ്ധിയുണ്ടാകട്ടെ! ദൈവകൃപയ്ക്കു നന്ദി അർപ്പിക്കാം. ദൈവത്തിന്റെ അനുഗ്രഹം നാം ഓരോരുത്തരിലും നമ്മുടെ കുടുംബങ്ങളിലും കൂട്ടായമയിലും തുടർന്നും സമൃദ്ധമായി ഉണ്ടാകട്ടെ!

ഫാ. ഡോ. ജോൺ പടിപ്പുരയ്ക്കൽ

14 സെപ്റ്റംബർ 2012
സ്ലീബാപ്പെരുന്നാൾ

